# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.181** **11.03.2020 ൽ മറുപടിക്ക്.**

## ചെറുകിട-ഇടത്തരം വ്യവസായങ്ങളും സംരംഭങ്ങളും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഒ. ആർ. കേളു<br>ശ്രീമതി.വീണാ ജോർജ്ജ്<br>ശ്രീ.എം. നൗഷാദ്<br>ശ്രീ. വി. കെ. സി. മമ്മത് കോയ | | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) | |
| എ) | തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിൽ ഏറ്റവും കൂടുതൽ സാധ്യത പ്രകടിപ്പിക്കുന്ന ചെറുകിട-ഇടത്തരം വ്യവസായങ്ങളുടെ പ്രോത്സാഹനത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികളുടെ ഫലമായി ഇത്തരത്തിലുള്ള എത്ര സ്ഥാപനങ്ങൾ ആരംഭിക്കാൻ സാധിച്ചെന്നും അതുവഴി സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങൾ എത്രയാണെന്നുമുള്ള കണക്ക് ലഭ്യമാണോ; | എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2020 ജനവരി 31 വരെ 54420 സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ യൂണിറ്റുകൾ ആരംഭിക്കുകയുണ്ടായി. ഇതിലൂടെ 4953.69 കോടി രൂപയുടെ നിക്ഷേപവും 190078 തൊഴിലവസരങ്ങളും സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |
| ബി) | വ്യവസായ ആവശ്യത്തിനുള്ള ഭൂമിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നടത്തുന്ന പ്രവർത്തനം അറിയിക്കാമോ; | ബി) | തദ്ദേശ സ്ഥാപനങ്ങൾ/മറ്റ് ഏജൻസികൾ എന്നിവരുടെ കൈവശമുള്ള ഭൂമിയിൽ വ്യവസായ പാർക്കുകൾ/എസ്റ്റേറ്റുകൾ വികസിപ്പിക്കുന്നതിനായി പശ്ചാത്തല വികസനത്തിനായി വ്യവസായ തൽപ്പര കക്ഷികളുടെയും സർക്കാരിന്റേയും സമാന്തര സഹായത്തോടെ വ്യവസായ പാർക്കുകൾ/എസ്റ്റേറ്റുകൾ എന്നിവ പി.പി.പി പദ്ധതി മാതൃകയിൽ വികസിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഭൂമിയുടെ ഉടമസ്ഥാവകാശം, കൈമാറ്റം, ഭൂവിനിയോഗം, പദ്ധതി ചെലവുകൾ പങ്ക് വയ്ക്കൽ, അലോട്ട്മെന്റിനായുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവ പ്രോജക്ട് ഘടന, നിക്ഷേപ മോഡലുകൾ എന്നിവയെ അടിസ്ഥാനമാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/സ്വകാര്യ നിക്ഷേപകർ |

| | | | |
|---|---|---|---|
| | | | എന്നിവരുമായി ചർച്ച ചെയ്ത് നിയമപരമായി കാര്യങ്ങൾ നടപ്പിലാക്കാനാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. നിലവിൽ തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയുമായി ചേർന്ന് ഒരു പിപിപി മോഡൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| സി) | ചെറുകിട - ഇടത്തരം സംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതികൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കുമോ? | സി) | വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിലേക്കായിട്ടുള്ള വിവിധ വകുപ്പുകളിൽ നിന്നുള്ള ലൈസൻസുകൾ/ അനുമതികൾ എന്നിവ ലഭിക്കുന്നതിലേക്കായി സംരംഭകർക്ക് ഓൺലൈൻ മുഖാന്തിരം അപേക്ഷിക്കുന്നതിനും ആയത് 30 ദിവസത്തിനകം ലഭിക്കുന്നതിലേയ്ക്കുമായി ഒരു ഏകജാലക സംവിധാനം K-SWIFT (സിംഗിൾ വിൻഡോ ഇന്റർഫെയ്സ് ഫോർ ഫാസ്റ്റർ ഡിസ്പോസൽ ആന്റ് ട്രാൻസ്പെരൻസി) നടപ്പിലാക്കിയിട്ടുണ്ട്.<br><br>2019 -ലെ കേരള സൂക്ഷ്മ - ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമ പ്രകാരം സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികളിൽ നിന്ന് 10 കോടി രൂപ വരെ നിക്ഷേപമുള്ള സംസ്ഥാന മലിനീകരണ ബോർഡിന്റെ റെഡ് കാറ്റഗറിയിൽ ഉൾപ്പെടാത്ത വ്യവസായങ്ങളെ 3 വർഷത്തേയ്ക്ക് ഒഴിവാക്കുന്നു . നിക്ഷേപം സംബന്ധിച്ച് സംരംഭകൻ സമർപ്പിക്കുന്ന സ്വയം സാക്ഷ്യപത്രം ഓൺ ലൈൻ(കെ-സ്വിഫ്റ്റ്) മുഖാന്തിരം സ്വീകരിച്ച് ഭൗതിക പരിശോധന ഇല്ലാതെ ഉടൻ തന്നെ ജില്ലാ ഏക ജാലക ക്ലിയറൻസ് ബോർഡ് കൈപ്പറ്റ് സാക്ഷ്യപത്രം നൽകുന്ന ലഭിക്കുന്ന കൈപ്പറ്റ് സാക്ഷ്യപത്രത്തിന് മൂന്ന് വർഷ കാലാവധിയുണ്ടായിരിക്കും. മൂന്ന് വർഷത്തിന് ശേഷം 6 മാസത്തിനകം അനുമതികൾ സംരംഭകന് കരസ്ഥമാക്കിയാൽ മതിയാകുന്നതാണ്.<br><br>സംസ്ഥാനത്ത് പരമാവധി സൂക്ഷ്മ ചെറുകിട ഇടത്തര വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ച് പരമാവധി തൊഴില ലഭ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കാനുള്ള നടപടികളാണ് വ്യവസായ വകുപ്പ് സ്വീകരിച്ച് വരുന്നത്. ഇതിലേക്കായ സംസ്ഥാന സർക്കാർ ചുവടെ വിവരിക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്.<br><br>• സംരംഭകത്വ സഹായപദ്ധതി<br><br>• നാനോ/ ഗാർഹിക സംരംഭങ്ങൾക്ക് പലിശ സബ്സിഡി പദ്ധതി |

| | | | |
|---|---|---|---|
| | | | • തകർച്ച നേരിടുന്ന എംഎസ്എംഇ കളുടെ പുനരുദ്ധാരണ പദ്ധതി<br><br>• കരകൗശല മേഖലയിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി<br><br>2020 -21 -ലെ ബഡ്ജറ്റിൽ ചുവടെ വിവരിക്കുന്ന പദ്ധതികൾ കൂടി പ്രഖ്യാപിച്ചിട്ടുണ്ട്.<br>• ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ് .<br>• എം.എസ്.എം.ഇ. യൂണിറ്റുകളുടെ പുനഃരുജ്ജീവനവും പുനഃരധിവാസവും. |

സെക്ഷൻ ഓഫീസർ